# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2580

10/12/2014-ൽ മറുപടിക്ക്

## എബോള, പക്ഷിപ്പനി എന്നിവയ്ക്കെതിരെ മുൻകരുതലുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് എബോള, പക്ഷിപ്പനി എന്നീ രോഗങ്ങൾക്കെതിരെ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; | എ) | എബോള വൈറസ് രോഗം സംസ്ഥാനത്ത് വരാതിരിക്കുവാൻ വേണ്ടി യാത്രക്കാരുടെ പരിശോധനകൾ രാജ്യാന്തര വിമാനത്താവളങ്ങളിലും, കൂടാതെ തുറമുഖങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാരെ 30 ദിവസത്തെ നിരീക്ഷണത്തിനും വിധേയരാക്കുന്നു. രോഗം സംശയിക്കുന്നവരെ നിരീക്ഷിക്കുന്നതിനും ചികിൽസിക്കുന്നതിനും വേണ്ടി പ്രത്യേക ആശുപത്രികളിൽ പ്രാരംഭ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനു വേണ്ടി ഡോക്ടർമാർക്ക് പ്രത്യേകം പരിശീലനം നൽകിയിട്ടുണ്ട്.<br>പക്ഷിപ്പനി മനുഷ്യരിലേക്ക് പകരുന്നത് നിരീക്ഷിക്കുവാൻ വേണ്ടി പക്ഷികളെ കൊന്നൊടുക്കിയ സ്ഥലങ്ങളുടെ 10 കി.മീ. ചുറ്റളവിലുള്ള പ്രദേശങ്ങളിൽ പനി നിരീക്ഷണം നടത്തുന്നുണ്ട്. കൂടാതെ പക്ഷികളെ കൊന്നൊടുക്കിയ ആൾക്കാർക്കും ഇതുമായി ബന്ധപ്പെട്ട പ്രവർത്തിച്ച മൃഗസംരക്ഷണ വകുപ്പ് ജീവനക്കാർക്കും പ്രതിരോധ മരുന്നുകൾ നൽകിയിട്ടുണ്ട്. |
| ബി)പ്രസ്തുതരോഗങ്ങൾ സംസ്ഥാനത്തെ വിടെയെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | ബി) | എബോള വൈറസ് രോഗവും പക്ഷിപ്പനിയും ഇതുവരെ സംസ്ഥാനത്തെവിടെയും മനുഷ്യരിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| സി)പ്രസ്തുത രോഗങ്ങൾ സ്ഥിരീകരിക്കുന്നതിനാവശ്യമായ സംവിധാനം സംസ്ഥാനത്തു ലഭ്യമാണോ ; ഇല്ലെങ്കിൽ എപ്രകാരമാണ് ഇവ സ്ഥിരീകരിക്കുന്നത് | സി) | എബോള, പക്ഷിപ്പനി രോഗങ്ങൾ സ്ഥിരീകരിക്കുന്നതിനാവശ്യമായ സംവിധാനം സംസ്ഥാനത്ത് ലഭ്യമല്ല. രോഗം സംശയിക്കുന്ന ആൾക്കാരുടെ സാമ്പിളുകൾ (രക്തം, ത്രോട്ട് |

എന്ന് വ്യക്തമാക്കുമോ ;

സ്വാബ്) ഡൽഹിയിലെ നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ, (NCDC), മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറൽ റിസർച്ച് (MICR), മണിപ്പാൽ എന്നിവിടങ്ങളിൽ അയച്ചാണ് സ്ഥിരീകരിക്കുന്നത്.

ഡി) ഈ രോഗങ്ങളെക്കുറിച്ച് എന്തെല്ലാം ബോധവത്ക്കരണപരിപാടികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ഡി) എബോള രോഗത്തെക്കുറിച്ച് യാത്രക്കാരെ ബോധവൽക്കരിക്കുന്നതിനു വേണ്ടി വിമാനത്തിനുള്ളിൽ വച്ചു തന്നെ അവർക്ക് അറിയിപ്പുകളും ലഘുരേഖകളും, വിതരണം ചെയ്യുന്നുണ്ട്. ഇത് കൂടാതെ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. യാത്രക്കാരുടേയും പൊതുജനങ്ങളുടേയും സഹായത്തിനു വേണ്ടി ഹെൽപ്പ് ലൈൻ നമ്പർ - ദിശ - 1056/0471-2552056 ഏർപ്പെടുത്തിയിട്ടുണ്ട്.

പക്ഷിപ്പനി ബോധവൽക്കരണത്തിന്റെ ഭാഗമായി ലീഫ് ലെറ്റുകൾ, ബിറ്റ് നോട്ടീസുകൾ, ഇവ പുറത്തിറക്കിയിട്ടുണ്ട്. പത്രപരസ്യം നൽകിയിട്ടുമുണ്ട്. കൂടാതെ രോഗബാധിത പ്രദേശങ്ങളിൽ ജോലിയെടുക്കുന്ന ആരോഗ്യ വകുപ്പിലെ മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗം ജീവനക്കാർക്ക് ബോധവൽക്കരണം നടത്തുകയും, അവരിലൂടെ ഫീൽഡ് വിഭാഗം ജീവനക്കാർ രോഗബാധിത പ്രദേശങ്ങളിലെ വീടുകൾ സന്ദർശിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലത്തിലും, വാർഡ് തലത്തിലും ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണ പരിപാടികളും നടന്നു വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്ര തലത്തിൽ രോഗബാധിത മേഖലകളിൽ ബാനറുകൾ, കോർണർ ബോർഡുകൾ എന്നിവ സ്ഥാപിച്ച് ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തുന്നുണ്ട്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**